എസ്.എസ്.എൽ.സി. പരീക്ഷയിൽ ഗ്രേഡിംഗ് സമ്പ്രദായം

102 [3280] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയിൽ ഗ്രേഡിംഗ് വന്നാൽ 90-നും 100-നും ഇടയ്ക്ക് മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് എ+ ഗ്രേഡ് നൽകുമ്പോൾ വെറും 5 സീറ്റ് മാത്രമുള്ള കോഴ്സിന് പത്തിൽ കൂടുതൽ എ+ ഗ്രേഡുള്ള അപേക്ഷകരിൽ നിന്നും 5 പേരെ തെരഞ്ഞെടുക്കുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കുന്ന മാനദണ്ഡം എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രേഡിനൊപ്പം മാർക്കു കൂടി നൽകിയില്ലെങ്കിൽ ഉപരിപഠനത്തിനുള്ള സെലക്ഷൻ മുൻഗണന നിർണ്ണയിക്കാൻ സാധിക്കുമോ?

ഉത്തരം

(എ) ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കുമ്പോൾ ഓവറോൾ ഗ്രേഡില്ല. പാർട്ട് I-ലെ 13 വിഷയങ്ങൾക്ക് ഗ്രേഡിംഗ് നടത്തുന്നതിന് 9 പോയിന്റ് അബ്സല്യൂട്ട് ഗ്രേഡിംഗ് ആണ് നടത്തുന്നത്. അഡ്മിഷനുവേണ്ടി ഗ്രേഡിനെ ഗ്രേഡ് പോയിന്റിലേക്ക് മാറ്റുന്നു. 13 വിഷയങ്ങളുടേയും ഗ്രേഡ് പോയിന്റുകളുടെ ആവറേജ് (ജി.പി.എ.) കാണുന്നു. ഇതാണ് ജി.പി.എ. അപ്രകാരം തന്നെ പാർട്ട് II-ന്റേയും മൂന്നിന്റേയും ഗ്രേഡിന്റെ ഗ്രേഡ് പോയിന്റ് കണ്ട് ആവറേജ് കാണുന്നു. ഇവ യഥാക്രമം ജി.പി.എ. 2-ഉം ജി.പി.എ. 3-ഉം ആണ്. ഇനിയും സാധാരണ ഗതിയിലുള്ള പ്രവേശനരീതിക്ക് സ്വീകരിക്കുന്ന മാതൃകയനുസരിച്ച് വെയിറ്റഡ് ഗ്രേഡ് പോയിന്റ് ആവറേജ് (ഡബ്ല്യൂ.ജി.പി.എ.) കാണുന്നു. വെയ്റ്റഡ് ഗ്രേഡ് പോയിന്റ് കണക്കാക്കുമ്പോൾ കുട്ടി തെരഞ്ഞെടുക്കുന്ന ഗ്രൂപ്പും പരിഗണിച്ചാണ് ഡബ്ല്യൂ.ജി.പി.എ. കാണുന്നത്.

$$\text{ഡബ്ല്യൂ.ജി.പി.എ.} = \frac{3\times(\text{ജി.പി.എ. 1}) + \text{ഗ്രൂപ്പ് വെയിറ്റേജ്} + \text{ജി.പി.എ. 2} + \text{ജി.പി.എ. 3}}{4}$$

(ഡബ്ല്യൂ.ജി.പി.എ.) അതിലേക്ക് പാർട്ട് I, II, III എന്നിവയിലുള്ള റേഷ്യോ 3:1:1 ആകുന്നു. ഇപ്രകാരം അഡ്മിഷൻ ലിസ്റ്റ് തയ്യാറാക്കുമ്പോൾ അവരവർക്ക് ലഭിച്ച ഗ്രേഡ് മുൻഗണനാക്രമത്തിൽ തന്നെ ലിസ്റ്റിൽ ഉൾപ്പെടുന്നതാണ്.

(ബി) 'എ' പിരിവിന്റെ മറുപടിയിൽ വിശദമാക്കിയ പ്രകാരം ഉപരി പഠനത്തിനുള്ള സെലക്ഷൻ മുൻഗണന നിർണ്ണയിക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly